# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 65 01/03/2017-ൽ മറുപടിയ്ക്ക്

**ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.എം.മുകേഷ് | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ പൂട്ടണമെന്ന ഉത്തരവിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇത്തരം എത്ര മദ്യശാലകൾ പൂട്ടേണ്ടി വരുമെന്ന് വ്യക്തമാക്കാമോ; | (എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ 179 ഉം കൺസ്യൂമർഫെഡിന്റെ 27 ഉം ഉൾപ്പെടെ ആകെ 206 വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ മാറ്റിസ്ഥാപിക്കേണ്ടി വരും |
| (ബി) ഈ ഉത്തരവ് ബിയർ-വൈൻ പാർലറുകൾക്കും കള്ളുഷാപ്പുകൾക്കും ബാധകമാണോ; | (ബി) ബിയർ-വൈൻ പാർലറുകളും കള്ളുഷാപ്പുകളും ബഹു.സുപ്രീം കോടതിയുടെ 15.12.2016 ലെ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെട്ടുമോ എന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ/അറ്റോർണി ജനറലിന്റെ നിയമോപദേശം സർക്കാർ തേടിയിട്ടുണ്ട്. |
| (സി) കോടതിയുത്തരവ് സർക്കാരിന്റെ മദ്യനയത്തെഎങ്ങനെ ബാധിക്കുമെന്ന് അറിയിക്കാമോ; | (സി) മദ്യവില്പന സംബന്ധിച്ച് ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് കൂടി പരിഗണിച്ച് മദ്യനയത്തിന് രൂപം നൽകുന്നതാണ്. |

(ഡി) ഉത്തരവ് നടപ്പാക്കുന്നതിനെത്തുടർന്ന് മദ്യവില്പനയിൽ നിന്നു ലഭിക്കുന്ന വരുമാനത്തിൽ ഉണ്ടായേക്കാവുന്ന കുറവ് നികത്താനായി കേന്ദ്രസർക്കാരിനെ സമീപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഡി) പരിശോധിക്കുന്നതാണ്.

Sreedevi

സെക്ഷൻ ഓഫീസർ